# മരണം വിളിച്ചുണർത്തും മുമ്പ്

[Malayalam]

# قبل الموت

[ باللغة مليالم ]


**കബീർ സലഫി**

إعداد : محمد كبير سلفي

എഡിറ്റർ: സയ്യിദ് സഅ്ഫർ സ്വാദിഖ്

مراجعة :سيد سعفر صادق



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്വ - റിയാദ് - സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض-

المملكة العربية السعودية

islamhouse.com

1431 - 2010

بسم الله الرحمن الرحيم

“മനുഷ്യരെ നോക്കുക, അല്ലാഹുവിനെ ഓർക്കുന്നതിൽ അശ്രദ്ധമാണ് അധിക പേരുടെ ഹൃദയവും. ദേഹേച്ഛകൾക്ക് പിറകെയാണവർ. അവരുടെ ജീവിത വ്യവഹാരങ്ങളധികവും അതിരുവിട്ട നിലയിലാണ്. അഥവാ ജീവിതത്തിന് ഉപകാര യുക്തമായ സകലതിൽ നിന്നും അവർ വെളിയിലാണ്. അനാവശ്യ കാര്യങ്ങളിൽ വ്യപൃതമായ ഈ മനുഷ്യൻ, ഐഹികവും പാരത്രികവുമായ ജീവിതങ്ങളിൽ കോട്ടങ്ങൾ മാത്രം ക്ഷണിച്ചു വരുത്തുകയാണ്.” (ഇലാ മത്താ അൽ ഗഫ്ല എന്ന കൃതിയിൽ നിന്ന് ഉദ്ധരണം)

മുകളിൽ വായിച്ചത് ഇമാം ഇബ്നുൽ ക്വയ്യിമി(ﷺ)ന്റെ വരികളാണ്. ചുററുപാടുമുള്ള മനുഷ്യരുടെയല്ല, നമ്മുടെ തന്നെ ജീവിതത്തിലേക്ക് നോക്കി മേൽപ്പറഞ്ഞത് വിലയിരുത്തിയാൽ സത്യം കൃത്യമായി ബോധ്യപ്പെടും. നമ്മൾ അല്ലാഹുവിനെപ്പററി പറയുമ്പോഴും പരലോകത്തെ സംബന്ധിച്ച് പ്രസംഗിക്കുമ്പോഴും സ്വന്തം ജീവിതത്തിന്റെ മുക്കു മൂലകളിൽ മാത്രം തട്ടിനിൽക്കുകയാണ് ദൈവഭയവും ധർമ്മനിഷ്ഠയുമൊക്കെ. ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങൾ തനി ഭൗതികനെ മാത്ര മല്ല ഒന്നാന്തരം വിശ്വാസിയേയും ചതിയിൽപ്പെടുത്താവുന്ന വിധം അണിഞ്ഞൊരുങ്ങി നിൽക്കുകയാണ്. കടിഞ്ഞാണില്ലാത്ത ആശകളും, സ്വാർത്ഥതകളും, അധികാരത്തോടുള്ള ആഭിമുഖ്യവും അല്ലാഹുവിനെക്കുറിച്ചുള്ള ചിന്തയിൽ നിന്നും അശ്രദ്ധ മാക്കുമെന്ന സംഗതി നമ്മൾ തിരിച്ചറിയേണ്ടതാണ്. ദൈവ സ്മരണയിൽ നിന്നും അകന്നുമാറി മരണവക്ത്രത്തിലെത്തുവോളം ദുനിയാവിന്റെ കാര്യങ്ങളിൽ വെപ്രാളപ്പെടുന്ന അവസ്ഥ പരലോക ജീവിതത്തെപ്പററി ബോധമുള്ളവർക്ക് യോജിച്ചതല്ല. നിശ്ചയമില്ലായ്മ മുസ്ലിമിനല്ല, ജീവിത യാഥാർത്ഥ്യങ്ങളെ കണ്ടറിയാത്ത നിഷേധിക്കുള്ളതാണ്. സമൂഹത്തിന്റെ

മൊത്തത്തിലുള്ള അവസ്ഥ പരിശോധിക്കുമ്പോൾ അല്ലാഹു പറഞ്ഞിടത്താണ് കാര്യങ്ങൾ:

اقْتَرَبَ لِلنَّاسِ حِسَابُهُمْ وَهُمْ فِي غَفْلَةٍ مَّعْرِضُونَ

“ജനങ്ങൾക്ക് അവരുടെ വിചാരണ ആസന്നമായിരിക്കുന്നു. അവരാകട്ടെ അശ്രദ്ധയിലായിക്കൊണ്ട് തിരിഞ്ഞു കളയുന്ന വരാകുന്നു.” (അമ്പിയാഅ്: 01)

ലക്ഷ്യബോധമില്ലെങ്കിൽ സമയബോധവും ധർമ്മബോധ വുമുണ്ടാകില്ല. ഈ പ്രസ്താവനയുടെ മറുവശം, കൃത്യമായ ലക്ഷ്യബോധമുള്ള വിശ്വാസിക്ക് അഥവാ നമുക്ക് സമയ ബോധവും ധർമ്മബോധവും ഉണ്ടായിരിക്കണം എന്നതാണ്. നിന്റെ ആയുസ്സും ആരോഗ്യവും സമയവും എന്തിനു വേണ്ടി ചെലവഴിച്ചു? എന്ന് ഓരോരുത്തരും അല്ലാഹുവിനാൽ ചോദ്യം ചെയ്യപ്പെടും എന്ന പ്രവാചക മൊഴി പഠിച്ചു വെച്ച നമ്മൾ അതിൽ നിന്നും ഉൾക്കൊള്ളേണ്ട മഹത്തായ പാഠമുണ്ട് മരണാനന്തരം ജീവിതമുണ്ടെന്ന് ബോധ്യപ്പെട്ട് അതിലെ സ്വർഗം ലക്ഷ്യമായി മനസ്സിലാക്കിയ നമ്മൾ, നമ്മു ടെ ആയുരാരോഗ്യങ്ങളും സമയവും പ്രസ്തുത ലക്ഷ്യ പ്രാപ്തിക്ക് ഉതകും വിധം വിനിയോഗിച്ചുവോ എന്നാണ് ആ വിചാരണയുടെ പൊരുൾ.

ആൾക്കൂട്ടത്തിലേക്ക് ചൂണ്ടി, ദൈവസ്മരണയിലും, പര ലോക ചിന്തയിലും അവർ അശ്രദ്ധയിലാണ് എന്ന് എല്ലാവ രും പറയുന്നു. പ്രസ്തുത കാര്യങ്ങളിൽ പക്ഷെ, അവനവ ന്റെ സമീപനത്തേയും നിലപാടുകളേയും വിലയിരുത്താൻ അധിക പേരും തയ്യാറാകുന്നില്ല. പ്രവാചക തിരുമേനി(ﷺ) യോട് പടച്ചവൻ നൽകുന്ന ഉപദേശം കാണുക:

وَاذْكُر رَّبَّكَ فِي نَفْسِكَ تَضَرُّعاً وَخِيفَةً وَدُونَ الْجَهْرِ مِنَ الْقَوْلِ بِالْغُدُوِّ وَالآصَالِ وَلاَ تَكُن مِّنَ الْغَافِلِينَ

“വിനയത്തോടും ഭയപ്പാടോടും കൂടി, വാക്ക് ഉച്ചത്തി ലാകാതെ രാവിലെയും വൈകുന്നേരവും നീ നിന്റെ രക്ഷി

താവിനെ മനസ്സിൽ സ്മരിക്കുക. നീ ശ്രദ്ധയില്ലാത്തവരുടെ കൂട്ടത്തിലാകരുത്.'' (അഅ്റാഫ്: 205)

നാം സ്നേഹിക്കുന്ന പ്രവാചകൻ(ﷺ) ഈ വിശുദ്ധ വചനം അപ്പാടെ ജീവിതത്തിൽ പകർത്തിയുട്ടുള്ളവരാണ്. നമ്മുടെ ജീവിതത്തിലും ഈ ഉപദേശത്തിന്റെ തെളിച്ച മുണ്ടാകണം.

അല്ലാഹുവിനോടാണ് പ്രാർത്ഥിക്കേണ്ടത്, അവനോടാണ് സഹായാർത്ഥന നടത്തേണ്ടത് എന്ന സംശയമില്ലാത്ത ആദർശം ഉൾകൊള്ളുമ്പോഴും ജീവിത പ്രതിസന്ധികളിൽ നമ്മുടെ കൈകൾ അല്ലാഹുവിലേക്ക് ഉയരാറുണ്ടോ? പരീക്ഷണങ്ങളെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ അവനിൽ ഭരമേൽപ്പിക്കാറുണ്ടൊ? ദിന രാത്രങ്ങളിൽ ചെയ്തുകൂട്ടുന്ന കർമ്മങ്ങളെയോർത്ത് കണ്ണീരൊഴുക്കാറുണ്ടോ? പടച്ചവനേ, ഭീമവും നിസ്സാരവുമായ തെററുകൾക്കെല്ലാം എനിക്കു നീ മാപ്പു നൽകേണമേ എന്ന് പ്രാർത്ഥിക്കാറുണ്ടൊ? അനാവശ്യങ്ങൾ കാണേണ്ടിവരുമ്പോൾ, കേൾക്കേണ്ടി വരുമ്പോൾ അസ്തഗ്ഫിറുല്ലാഹ് എന്ന് ചൊല്ലാറുണ്ടൊ? പറയാൻ തുടങ്ങിയ പരദൂഷണം പടച്ചവനെയോർത്ത് വേണ്ടെന്ന് വെച്ചിട്ടുണ്ടൊ? തൂക്കത്തിൽ കുറവു വരുത്താൻ കരുതിയിട്ട്, ആ നിമിഷം തന്നെ തിരുത്തിയിട്ടുണ്ടൊ? കൈക്കൂലി വാങ്ങാൻ നീട്ടിയ കൈകൾ അത് ലഭിക്കും മുമ്പെ പിൻവലിച്ചിട്ടുണ്ടൊ? വ്യാജ ആധാരങ്ങളിൽ കള്ളക്കയ്യൊപ്പിടുമ്പോൾ മനസ്സ് നൊമ്പരപ്പെട്ടിട്ടുണ്ടൊ? ഉണ്ടെങ്കിൽ, നാം നമ്മുടെ സാധാരണ ജീവിതത്തിൽ നമ്മെപ്പടച്ച റബ്ബിനെ സ്മരിക്കുന്നുണ്ട് എന്നാണർത്ഥം. അല്ലാഹു പറഞ്ഞു:

يَا أَيُّهَا الَّذِينَ آمَنُوا اذْكُرُوا اللَّهَ ذِكْرًا كَثِيرًا

''സത്യ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ധാരാളമായി അനുസ്മരിക്കുക.'' (അഹ്സാബ്:41)

നിന്നും ഇരുന്നും കിടന്നും പടച്ചവനെപ്പററി ചിന്തിക്കുന്നവരെ സൂറത്തു ആലു ഇം റാനിലെ 191 ാം വചനത്തിൽ അല്ലാഹു പുകഴ്ത്തിപ്പറഞ്ഞത് ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്.

الَّذِينَ يَذْكُرُونَ اللَّهَ قِيَامًا وَقُعُودًا وَعَلَىَ جُنُوبِهِمْ وَيَتَفَكَّرُونَ فِي خَلْقِ السَّمَاوَاتِ وَالأَرْضِ رَبَّنَا مَا خَلَقْتَ هَذا بَاطِلاً سُبْحَانَكَ فَقِنَا عَذَابَ النَّارِ

“നിന്നു കൊണ്ടും ഇരിന്നു കൊണ്ടും കിടന്നു കൊണ്ടും അല്ലാഹുവെ ഓർമിക്കുകയും, ആശാകങ്ങളുടെയും ഭൂമിയുടെയും സൃഷ്ടയെപ്പററി ചിന്തിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. (അവർ പറയും:) ഞങ്ങളുടെ രക്ഷിതാവേ! നീ നിരർത്ഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കണേ.”

മനുഷ്യ ജീവിതത്തിൽ അശ്രദ്ധ വരുത്തുന്ന വിപത്ത് ചെറുതല്ല. വിശ്വാസങ്ങളിലും കർമ്മങ്ങളിലും ക്രയവിക്രയങ്ങളിലുമെല്ലാം ബോധപൂർവമോ അല്ലാതെയോ സംഭവിക്കുന്ന അലംഭാവം പരലോകത്തിലെ ശിക്ഷയെത്തന്നെ നേടിത്തരുന്നവയാണ്. ഇഹലോകത്ത് അല്ലാഹുവിന്റെ ശിക്ഷക്ക് വിധേയരായ സമൂഹത്തിന്റെ മുഖ്യ പ്രശ്നം പ്രസ്തുത കാര്യങ്ങളിലൊക്കെ അവരിലുണ്ടായിരുന്ന അശ്രദ്ധയാണെന്ന് കാണാനാകും. കണ്ണും കാതും ഹൃദയവും ഉപയോഗിക്കേണ്ട സ്ഥലങ്ങളിലും സമയങ്ങളിലും ഉപയോഗിക്കാതെ, നിഷേധികളായൊ, പിന്നേക്ക് മാററി വെച്ചോ കാലം കഴിക്കുന്നവർ അശ്രദ്ധരാണെന്നും അവരുടെ സങ്കേതം നരകമാണെന്നും വ്യക്തമാക്കുന്ന ഒരു വചനം ശ്രദ്ധിക്കുക:

وَلَقَدْ ذَرَأْنَا لِجَهَنَّمَ كَثِيرًا مِّنَ الْجِنِّ وَالإِنسِ لَهُمْ قُلُوبٌ لاَّ يَفْقَهُونَ بِهَا وَلَهُمْ أَعْيُنٌ لاَّ يُبْصِرُونَ بِهَا وَلَهُمْ آذَانٌ لاَّ يَسْمَعُونَ بِهَا أُوْلَـئِكَ كَالأَنْعَامِ بَلْ هُمْ أَضَلُّ أُوْلَـئِكَ هُمُ الْغَافِلُونَ

“ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും ധാരാളം പേരെ നാം നരകത്തിനു വേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് മനസുകളുണ്ട്. അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല. അവർക്ക് കണ്ണുകളുണ്ട്. അതുപയോഗിച്ച് അവർ കണ്ടറിയുകയില്ല. അവർക്ക് കാതുകളുണ്ട്. അതുപയോഗിച്ച് അവർ കേട്ട് മനസ്സിലാക്കുകയില്ല. അവർ കാലികളെപ്പോലെ

യാകുന്നു. അല്ല, അവരാണ് കൂടുതൽ പിഴച്ചവർ. അവർ തന്നെയാണ് അശ്രദ്ധർ.'' (അഅ്റാഫ്:179)

മിക്കവരിലും കാണാവുന്ന ഒരു പ്രവണതയെപ്പററി ഗൗരവപൂർവ്വം ചർച്ച ചെയ്തേ പററൂ. വിശ്വാസികൾക്ക് ചെയ്യാൻ പാടില്ലാത്ത കാര്യങ്ങളിൽ ആദ്യമാദ്യം അകൽച്ച വെച്ചു പുലർത്തുകയും, അതിനെതിരെ പ്രബോധനത്തിലേർപ്പെടുകയും ചെയ്തിട്ട്, ക്രമേണ അവയോടൊക്കെ രാജിയായിത്തീരുന്ന അവസ്ഥ വ്യക്തികളിലും, സംഘടനകളിലും ഇന്ന് കണ്ടുവരുന്നുണ്ട്. നിഷിദ്ധമായ സംഗതികളെയാണ് തങ്ങൾ സ്വീകരിക്കുന്നത് എന്ന ആക്ഷേപത്തെ മറികടക്കാൻ, മതപ്രബോധനരംഗത്തെ ആശാസ്യമായ നൂതനരീതി എന്ന നിലയിലാണ് തത്പര വിഭാഗങ്ങൾ അവയെ സമൂഹത്തിൽ പരിചയപ്പെടുത്തുന്നത്. അടുത്തിടെ ഗൾഫു മേഖലയിൽ സാർവ്വത്രികമായിക്കൊണ്ടിരിക്കുന്ന സംഗതികളാണ് പാട്ടുകച്ചേരി, ഗസൽ സന്ധ്യ, നാടകം, നൃത്തനൃത്യങ്ങൾ തുടങ്ങിയവ. ഭൗതിക സംഘടനകളിലൊതുങ്ങി നിന്നിരുന്ന ഇത്തരം കാര്യങ്ങൾ ചില മതസംഘടനകളാണ് ഇപ്പോൾ സംഘടിപ്പിക്കുന്നത്. ക്വുർആനോതിയും, കേട്ടും ദൈവിക ചിന്തയാർന്ന ആത്മ നിർവൃതി കൈവരിക്കേണ്ട വിശ്വാസികളെ പിശാചിന്റെ പണിയായുധങ്ങളായി അറിയപ്പെടുന്ന സകല സംഗീതോ പകരണങ്ങളും ഉപയോഗിച്ച് അശ്രദ്ധയുടെ ആത്മഹർഷത്തിലേക്ക് നയിക്കുന്ന ഇത്തരം പ്രവണതകളെ നമ്മൾ കണ്ടറിഞ്ഞേ മതിയാകൂ.

മതജ്ഞാനികളായ സച്ചരിത സമൂഹം 'ലഹ്വും ലഗ്വും' വിശദീകരിച്ചേടത്തൊക്കെ സംഗീതത്തെ പരാമർശിക്കാതെ വിട്ടിട്ടില്ല. എന്തു കൊണ്ടെന്നാൽ അത് മനിഷ്യനെ ഇലാഹീ സ്മരണയിൽ നിന്നും അകററുന്ന താന്തോന്നിത്തമാണ്. വിശുദ്ധ ക്വുർആൻ വായിക്കുന്ന ഒരാൾക്ക് ഇക്കാര്യത്തിൽ സംശയമുണ്ടാകാൻ വഴിയില്ല.

وَمِنَ النَّاسِ مَن يَشْتَرِي لَهْوَ الْحَدِيثِ لِيُضِلَّ عَن سَبِيلِ اللَّهِ بِغَيْرِ عِلْمٍ وَيَتَّخِذَهَا هُزُوًا أُولَئِكَ لَهُمْ عَذَابٌ مُّهِينٌ

“യാതൊരു അറിവുമില്ലാതെ ദൈവമാർഗത്തിൽ നിന്ന് ജനങ്ങളെ തെററിച്ചു കളയുവാനും അതിനെ പരിഹാസ്യമാക്കിത്തീർക്കുവാനും വേണ്ടി വിനോദ വാർത്തകൾ വിലക്കുവാങ്ങുന്ന ചിലർ മനുഷ്യരുടെ കൂട്ടത്തിലുണ്ട്. അത്തരക്കാർക്കാണ് അപമാനകരമായ ശിക്ഷയുള്ളത്.” (ലുഖ്മാൻ: 6)

അല്ലാഹുവിനെ ഓർത്തും അതിൽ നിന്ന് ആത്മശാന്തി കൈവരിച്ചും ജീവിക്കേണ്ടവരാണ് മുഅ്മിനുകൾ. ഇബ്നുൽ കയ്യിമി(ﷺ)നെ ഒന്നു കൂടെ ഉദ്ധരിക്കട്ടെ: “അല്ലാഹുവിനോടും പരലോക ജീവിതത്തോടുമുള്ള ഒരാളുടെ അശ്രദ്ധ അയാളുടെ തന്നെ ദേഹേച്ഛകളുമായി ഇണ ചേർന്നാൽ അതിൽ നിന്ന് ജനിക്കാനിരിക്കുന്നത് തിന്മകൾ മാത്രമാണ്. ലോകത്തിന്റെ ജീർണ്ണാവസ്ഥകളെ ചിന്തിച്ചാൽ ഇവ രണ്ടിൽ നിന്നുമാണ് അവയുടെ ജന്മം എന്നു കാണാനാകും. സത്യം വേർതിരിച്ചറിയാനും അത് ഉൾക്കൊള്ളാനും തടസ്സം നിൽക്കുന്നതും അങ്ങനെ ഒരാൾ വഴികെട്ടവനായിത്തീരാൻ കാരണമാകുന്നതും അശ്രദ്ധയാണ്. മനുഷ്യനെ സത്യന്വേഷണത്തിൽ നിന്ന കററി ദൈവകോപത്തിലേക്ക് തള്ളിവിടുന്നതാകട്ടെ അവന്റെ ദേഹേച്ഛയും.” (ഇലാ മത്താ അൽ ഗഫ്ല എന്ന കൃതിയിൽ നിന്ന് ഉദ്ധരണം)

ശ്മശാന തുല്യമായ ചില ഭവനങ്ങളുണ്ട്. കബറാളികളെപ്പോലെ ജീവിക്കുന്ന മനുഷ്യരും. അവിടെ കുർആൻ പാരായണമില്ല. നിർബന്ധ നമസ്കാരമൊ, സുന്നത്തു നമസ്കാരമൊ ഇല്ല. ദീനിനെ സംബന്ധിച്ച സംസാരമൊ, മതപ്രഭാഷണ കാസററുകളുടെ ശബ്ദമോ ഇല്ല. അങ്ങാടികൾക്കു സമാനമായ ചില വീടുകളുണ്ട്. അവിടെ സംഗീതപ്പിശാചിന്റെ ഒച്ച മാത്രം. നടീനടന്മാരുടെ ചിത്രങ്ങൾ കൊണ്ട് വികൃതമാക്കിയ ചുമരുകൾ. സീരിയൽ മായയിൽ അലിഞ്ഞിരിക്കുന്ന സ്ത്രീകളും കുട്ടികളും. അവരുടെ കയ്യിൽ ജീവിതത്തെ നന്മയിലേക്ക് മാററാവുന്ന റിമോട്ടല്ല, അതിനെ നാശത്തിലേക്ക് നയിക്കുന്ന റിമോട്ടാണുള്ളത്. എത്രമാത്രം അഗാധമായ അശ്രദ്ധയിലാണ് എന്റേയും നിങ്ങളുടേയും ജീവിതം?! മരണം നാമണിഞ്ഞ ചെരുപ്പിന്റെ വാറുപോലെ

നമ്മോട് ഒട്ടി നിൽക്കുന്നു. നമുക്കറിയാം, പടച്ചവന്റെ പിടുത്തം കഠിനമാണെന്ന്.

وَكَذَلِكَ أَخْذُ رَبِّكَ إِذَا أَخَذَ الْقُرَى وَهِيَ ظَالِمَةٌ إِنَّ أَخْذَهُ أَلِيمٌ شَدِيدٌ

“തീർച്ചയായും അവന്റെ പിടുത്തം വേദനയേറിയതും കഠിനമായതുമാണ്.” (സൂറത്തു ഹൂദ്: 102)

പ്രവാചകൻ പറഞ്ഞതും ഇതിനോട് ചേർത്ത് വായിക്കുക: തീർച്ച, അല്ലാഹു ക്രമംവിട്ടു ജീവിക്കുന്നവന്ന് സാവകാശം നൽകുകയാണ്. അവന്റെ പിടിയിലകപ്പെട്ടാൽ പിന്നെ ആ അക്രമിക്ക് കുതറി മാറാൻ വഴികാണില്ല.(മുസ്‌ലിം)

ഭൗതികത തീർക്കുന്ന അശ്രദ്ധക്കൂട്ടിലെ മനുഷ്യ ജീവികളെ നോക്കി മുമ്പ് ഒരു ജ്ഞാനി പാടി:

*അവർ നിദ്രയിലാണ്,*
*ഉണർത്താൻ അരികിൽ മരണമുണ്ട്!*
*എന്നാണവരുണരുക?;*
*ആയുസ്സിന്റെ അന്ത്യതുള്ളിയും വററുമ്പോഴല്ലാതെ!!*
*കുടുംബാംഗങ്ങളുടെ മൃതശരീരങ്ങൾ*
*അവരുടെ കൈകളാലാണ് മറമാടപ്പെടുന്നത്.*
*എന്നിട്ടും അശ്രദ്ധയുടെ സ്വപ്നക്കൂട്ടിലേക്ക്*
*അവർ തിരിച്ചണയുകയാണ്*
*ഒന്നും കണ്ടില്ലാത്തതു പോലെ!!!*

ആത്യന്തികമായി അല്ലാഹുവിന്റെ വചനം നമ്മുടെ ശ്രദ്ധയെ സജീവമാക്കി നിർത്തട്ടെ. ജീവിതത്തിൽ അത് സൂക്ഷ്മതയും ധർമ്മനിഷ്ഠയും നൽകട്ടെ. അശ്രദ്ധമായ, അലസമായ ജീവിതത്തിൽ നിന്നും മാറിച്ചിന്തിക്കാൻ ഈ വചനം നിമിത്തമാകട്ടെ:

إِنَّ الَّذِينَ لاَ يَرْجُونَ لِقَاءنَا وَرَضُواْ بِالْحَياةِ الدُّنْيَا وَاطْمَأَنُّواْ بِهَا وَالَّذِينَ هُمْ عَنْ آيَاتِنَا غَافِلُونَ ۞ أُوْلَـئِكَ مَأْوَاهُمُ النَّارُ بِمَا كَانُواْ يَكْسِبُونَ

“നമ്മെ കണ്ടു മുട്ടും എന്ന് പ്രതീക്ഷിക്കാതിരിക്കുന്നവരും ഇഹലോകജീവിതം കൊണ്ട് തൃപ്തിപ്പെടുകയും, അതിൽ സമാധാനമടയുകയും ചെയ്തവരും, നമ്മുടെ തെളിവകളെ

പ്പററി അശ്രദ്ധരായി കഴിയുന്നവരും ആരോ, അവരുടെ സങ്കേതം നരകം തന്നെയാകുന്നു. അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിന്റെ ഫലമായിട്ടത്രെ അത്.'' (യൂനുസ്: 7, 8)

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين

**********